**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4446** **10-08-2021 - ൽ മറുപടിയ്ക്ക്**

**അനങ്ങനടി വിത്തുല്പാദനകേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങനടിയിൽ പ്രവർത്തിക്കുന്ന വിത്തുല്പാദനകേന്ദ്രത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങനടി സംസ്ഥാന വിത്തുത്പാദന ഫാമിൽ ആകെ 17 ഏക്കർ ഭൂമിയുണ്ട്. അതിൽ, 8 ഏക്കർ നെൽവയലുകളിൽ നിന്നും പ്രതിവർഷം 2 വിളകളിൽ നിന്നായി 12 ടൺ നെൽവിത്തും, 7 ഏക്കറിൽ നിന്നും 1.5 ടൺ പച്ചക്കറി വിത്തും, 25000 പച്ചക്കറിത്തൈകളും ഉത്പാദിപ്പിച്ചുവരുന്നു. ബാക്കിയുള്ള 2 ഏക്കറിൽ നടീൽവസ്തുക്കളുടെ ഉത്പാദനത്തിനായുള്ള പോളി ഹൗസ്, മഴമറ, പോട്ടിംഗ് ഷെഡുകൾ, 3 കുളങ്ങൾ, മണ്ണിരകമ്പോസ്റ്റ് യൂണിറ്റ്, ഓഫീസ് കെട്ടിടം, തൊഴിലാളികളുടെ വിശ്രമ മുറി, ക്വാർട്ടേഴ്സ് എന്നിവ സ്ഥിതി ചെയ്യുന്നു. |
| (ബി) | ഈ സ്ഥാപനത്തിന്റെ സൗകര്യങ്ങൾ, പ്രവർത്തനം എന്നിവ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | ഫാമിന്റെ ഭൂമിയും കൃഷിയും ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനായി ജില്ലാപഞ്ചായത്ത് 2021-22 ൽ 30 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ നടീൽ വസ്തുക്കളുടെ ഉത്പാദന പ്രക്രിയകൾക്കായുള്ള പോളി ഹൗസ്, മഴമറകൾ, പോട്ടിംഗ് ഷെഡുകൾ, മണ്ണിരകമ്പോസ്റ്റ് യൂണിറ്റുകൾ, പന്തൽ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായി സുഭിക്ഷകേരളം പദ്ധതിയുടെ കീഴിൽ 10 ലക്ഷം രൂപയുടെ പദ്ധതി ജില്ലാപഞ്ചായത്ത്ഈ വർഷം നടപ്പിലാക്കുന്നുണ്ട്. കൃഷി വകുപ്പിൽ നിന്നും 9.14 ലക്ഷം രൂപയുടെള്ള വിവിധ സ്കീമുകൾ മുഖേന ടി ഫാമിന്റെ ഉത്പാദനം ഉയർത്തുന്നതിനും പച്ചക്കറി - നെൽ വിത്തുത്പാദനത്തിനും സംസ്കരണത്തിനുമായി 2021-22 ൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്. "നെൽ വിത്തുത്പാദനം സീഡ് ഫാമുകളിലൂടെ" എന്ന സ്കീമിൽ 6.20 ലക്ഷവും, "ഒരു കോടി ഫല വൃക്ഷങ്ങൾ" എന്ന സ്കീമിൽ 1.20 ലക്ഷവും "നടീൽ വസ്തുക്കളുടെ ഉത്പാദനം" എന്ന സ്കീമിൽ 1.74 ലക്ഷം രൂപയും ഇതുവരെ നൽകിയിട്ടുണ്ട് . ഫാമിന്റെ ചുറ്റുമതിൽ പൂർത്തീകരണം, ചാലുകൾക്ക് കയർ ഭൂവസ്ത്ര സംരക്ഷണം, വരമ്പുകളുടെ പുനർനിർമ്മാണം, |

| | | | |
|---|---|---|---|
| | | | പച്ചക്കറിത്തൈകളുടെ ഉത്പാദന യൂണിറ്റ് സ്ഥാപിയ്ക്കൽ, വന്യമൃഗങ്ങളിൽ നിന്ന് പച്ചക്കറിത്തോട്ടത്തിന്റെ സംരക്ഷണം, മാതൃസസ്യത്തോട്ടം സ്ഥാപിക്കൽ, കുരുമുളക് തൈകൾക്കുള്ള ഷെഡ്, ലിഫ്റ്റ് ഇറിഗേഷൻ, പ്ലാസ്റ്റിക് കുളം നവീകരണം, കുളങ്ങളുടെ എക്കൽ നീക്കലും നന്നാക്കലും, തൊഴിലാളികളുടെ വിശ്രമഷെഡ്, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നവീകരണം എന്നീ പദ്ധതികൾ കൂടി നടപ്പാക്കുവാൻ ഫാം കൗൺസിൽ തീരുമാനം എടുത്തിട്ടുണ്ട്. ടി ഫാമിൽ ഒരു കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ഒരു കൃഷി അസിസ്റ്റന്റ് എന്നിവർ സേവനമനുഷ്ഠിക്കുന്നു. 19 സ്ഥിരം തൊഴിലാളികളുടെ തസ്തികകളുള്ളതിൽ 14 പേർ നിലവിൽ ജോലിചെയ്യുന്നു. ഫാമിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 5 സ്ഥിരം തൊഴിലാളികളുടെ നിയമനം നടത്തുന്നതിനായി സത്വര നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

## പതിനഞ്ചാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4446** **10.08.2021 ൽ മറുപടിയ്ക്ക്**

### അനങ്ങനടി വിത്തുല്പാദനകേന്ദ്രം

| ചോദ്യം<br>ശ്രീ.പി. മമ്മിക്കുട്ടി | മറുപടി<br>ശ്രീ.പി. പ്രസാദ്<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങനടിയിൽ പ്രവർത്തിക്കുന്ന വിത്തുല്പാദന കേന്ദ്രത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങനടി സംസ്ഥാന വിത്തുത്പാദന ഫാമിൽ ആകെ 17 ഏക്കർ ഭൂമിയുണ്ട്. അതിൽ, 8 ഏക്കർ നെൽവയലുകളിൽ നിന്നും പ്രതിവർഷം 2 വിളകളിൽ നിന്നായി 12 ടൺ നെൽവിത്തും, 7 ഏക്കറിൽ നിന്നും 1.5 ടൺ പച്ചക്കറി വിത്തും, 25000 പച്ചക്കറിത്തൈകളും ഉത്പാദിപ്പിച്ചുവരുന്നു. ബാക്കിയുള്ള 2 ഏക്കറിൽ നടീൽവസ്തുക്കളുടെ ഉത്പാദനത്തിനായുള്ള പോളി ഹൗസ് , മഴമറ, പോട്ടിംഗ് ഷെഡുകൾ, 3 കുളങ്ങൾ, മണ്ണിരകമ്പോസ്റ്റ് യൂണിറ്റ് , ഓഫീസ് കെട്ടിടം, തൊഴിലാളികളുടെ വിശ്രമ മുറി, ക്വാർട്ടേഴ്സ് എന്നിവ സ്ഥിതി ചെയ്യുന്നു. |
| (ബി) ഈ സ്ഥാപനത്തിന്റെ സൗകര്യങ്ങൾ, പ്രവർത്തനം എന്നിവ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) ഫാമിന്റെ ഭൂമിയും കൃഷിയും ചുറ്റമതിൽ കെട്ടി സംരക്ഷിക്കുന്നതിനായി ജില്ലാപഞ്ചായത്ത് 2021-22 ൽ 30 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ നടീൽ വസ്തുക്കളുടെ ഉത്പാദന പ്രക്രിയകൾക്കായുള്ള പോളി ഹൗസ്, മഴമറകൾ, പോട്ടിംഗ് ഷെഡുകൾ, മണ്ണിരകമ്പോസ്റ്റ് യൂണിറ്റുകൾ, പന്തൽ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായി സുഭിക്ഷകേരളം പദ്ധതിയുടെ കീഴിൽ 10 ലക്ഷം രൂപയുടെ പദ്ധതി ജില്ലാപഞ്ചായത്ത് ഈ വർഷം നടപ്പിലാക്കുന്നുണ്ട് .<br><br>കൃഷി വകുപ്പിൽ നിന്നും 9.14 ലക്ഷം രൂപയുള്ള വിവിധ സ്കീമുകൾ മുഖേന ടി ഫാമിന്റെ ഉത്പാദനം ഉയർത്തുന്നതിനും പച്ചക്കറി - നെൽ വിത്തുത്പാദനത്തിനും സംസ്കരണത്തിനുമായി 2021-22 ൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്. "നെൽ വിത്തുത്പാദനം സീഡ് ഫാമുകളിലൂടെ" എന്ന സ്കീമിൽ 6.20 ലക്ഷവും, "ഒരു കോടി ഫല വൃക്ഷങ്ങൾ" എന്ന സ്കീമിൽ 1.20 ലക്ഷവും "നടീൽ വസ്തുക്കളുടെ ഉത്പാദനം" എന്ന സ്കീമിൽ 1.74 ലക്ഷം രൂപയും |

ഇതുവരെ നൽകിയിട്ടുണ്ട് .

ഫാമിന്റെ ചുറ്റുമതിൽ പൂർത്തീകരണം, ചാലുകൾക്ക് കയർ ഭൂവസ്ത്ര സംരക്ഷണം, വരമ്പുകളുടെ പുനർനിർമ്മാണം, പച്ചക്കറിത്തൈകളുടെ ഉത്പാദന യൂണിറ്റ് സ്ഥാപിയ്ക്കൽ, വന്യമൃഗങ്ങളിൽ നിന്ന് പച്ചക്കറിത്തോട്ടത്തിന്റെ സംരക്ഷണം, മാതൃസസ്യത്തോട്ടം സ്ഥാപിക്കൽ, കുരുമുളക് തൈകൾക്കുള്ള ഷെഡ്, ലിഫ്റ്റ് ഇറിഗേഷൻ, പ്ലാസ്റ്റിക് കുളം നവീകരണം, കുളങ്ങളുടെ എക്കൽ നീക്കലും നന്നാക്കലും, തൊഴിലാളികളുടെ വിശ്രമഷെഡ്, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നവീകരണം എന്നീ പദ്ധതികൾ കൂടി നടപ്പാക്കുവാൻ ഫാം കൗൺസിൽ തീരുമാനം എടുത്തിട്ടുണ്ട് .

ടി ഫാമിൽ ഒരു കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ഒരു കൃഷി അസിസ്റ്റന്റ് എന്നിവർ സേവനമനുഷ്ഠിക്കുന്നു. 19 സ്ഥിരം തൊഴിലാളികളുടെ തസ്തികകളുള്ളതിൽ 14 പേർ നിലവിൽ ജോലിചെയ്യുന്നു. ഫാമിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 5 സ്ഥിരം തൊഴിലാളികളുടെ നിയമനം നടത്തുന്നതിനായി സത്വര നടപടികൾ സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ

## പതിനഞ്ചാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4446** **10.08.2021 ൽ മറുപടിയ്ക്ക്**

### അനങ്ങനടി വിത്തുല്പാദനകേന്ദ്രം

| ചോദ്യം<br>ശ്രീ.പി. മമ്മിക്കുട്ടി | മറുപടി<br>ശ്രീ.പി. പ്രസാദ്<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങനടിയിൽ പ്രവർത്തിക്കുന്ന വിത്തുല്പാദന കേന്ദ്രത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങനടി സംസ്ഥാന വിത്തുത്പാദന ഫാമിൽ ആകെ 17 ഏക്കർ ഭൂമിയുണ്ട്. അതിൽ, 8 ഏക്കർ നെൽവയലുകളിൽ നിന്നും പ്രതിവർഷം 2 വിളകളിൽ നിന്നായി 12 ടൺ നെൽവിത്തും, 7 ഏക്കറിൽ നിന്നും 1.5 ടൺ പച്ചക്കറി വിത്തും, 25000 പച്ചക്കറിത്തൈകളും ഉത്പാദിപ്പിച്ചുവരുന്നു. ബാക്കിയുള്ള 2 ഏക്കറിൽ നടീൽവസ്തുക്കളുടെ ഉത്പാദനത്തിനായുള്ള പോളി ഹൗസ് , മഴമറ, പോട്ടിംഗ് ഷെഡുകൾ, 3 കുളങ്ങൾ, മണ്ണിരകമ്പോസ്റ്റ് യൂണിറ്റ് , ഓഫീസ് കെട്ടിടം, തൊഴിലാളികളുടെ വിശ്രമ മുറി, ക്വാർട്ടേഴ്സ് എന്നിവ സ്ഥിതി ചെയ്യുന്നു. |
| (ബി) ഈ സ്ഥാപനത്തിന്റെ സൗകര്യങ്ങൾ, പ്രവർത്തനം എന്നിവ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) ഫാമിന്റെ ഭൂമിയും കൃഷിയും ചുറ്റമതിൽ കെട്ടി സംരക്ഷിക്കുന്നതിനായി ജില്ലാപഞ്ചായത്ത് 2021-22 ൽ 30 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ നടീൽ വസ്തുക്കളുടെ ഉത്പാദന പ്രക്രിയകൾക്കായുള്ള പോളി ഹൗസ്, മഴമറകൾ, പോട്ടിംഗ് ഷെഡുകൾ, മണ്ണിരകമ്പോസ്റ്റ് യൂണിറ്റുകൾ, പന്തൽ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായി സുഭിക്ഷകേരളം പദ്ധതിയുടെ കീഴിൽ 10 ലക്ഷം രൂപയുടെ പദ്ധതി ജില്ലാപഞ്ചായത്ത് ഈ വർഷം നടപ്പിലാക്കുന്നുണ്ട് .<br><br>കൃഷി വകുപ്പിൽ നിന്നും 9.14 ലക്ഷം രൂപയുള്ള വിവിധ സ്കീമുകൾ മുഖേന ടി ഫാമിന്റെ ഉത്പാദനം ഉയർത്തുന്നതിനും പച്ചക്കറി - നെൽ വിത്തുത്പാദനത്തിനും സംസ്കരണത്തിനുമായി 2021-22 ൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്. "നെൽ വിത്തുത്പാദനം സീഡ് ഫാമുകളിലൂടെ" എന്ന സ്കീമിൽ 6.20 ലക്ഷവും, "ഒരു കോടി ഫല വൃക്ഷങ്ങൾ" എന്ന സ്കീമിൽ 1.20 ലക്ഷവും "നടീൽ വസ്തുക്കളുടെ ഉത്പാദനം" എന്ന സ്കീമിൽ 1.74 ലക്ഷം രൂപയും |

ഇതുവരെ നൽകിയിട്ടുണ്ട് .

ഫാമിന്റെ ചുറ്റുമതിൽ പൂർത്തീകരണം, ചാലുകൾക്ക് കയർ ഭൂവസ്ത്ര സംരക്ഷണം, വരമ്പുകളുടെ പുനർനിർമ്മാണം, പച്ചക്കറിത്തൈകളുടെ ഉത്പാദന യൂണിറ്റ് സ്ഥാപിയ്ക്കൽ, വന്യമൃഗങ്ങളിൽ നിന്ന് പച്ചക്കറിത്തോട്ടത്തിന്റെ സംരക്ഷണം, മാതൃസസ്യത്തോട്ടം സ്ഥാപിക്കൽ, കുരുമുളക് തൈകൾക്കുള്ള ഷെഡ് , ലിഫ്റ്റ് ഇറിഗേഷൻ, പ്ലാസ്റ്റിക് കുളം നവീകരണം, കുളങ്ങളുടെ എക്കൽ നീക്കലും നന്നാക്കലും, തൊഴിലാളികളുടെ വിശ്രമഷെഡ് , സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നവീകരണം എന്നീ പദ്ധതികൾ കൂടി നടപ്പാക്കുവാൻ ഫാം കൗൺസിൽ തീരുമാനം എടുത്തിട്ടുണ്ട് .

ടി ഫാമിൽ ഒരു കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ഒരു കൃഷി അസിസ്റ്റന്റ് എന്നിവർ സേവനമനുഷ്ഠിക്കുന്നു. 19 സ്ഥിരം തൊഴിലാളികളുടെ തസ്തികകളുള്ളതിൽ 14 പേർ നിലവിൽ ജോലിചെയ്യുന്നു. ഫാമിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 5 സ്ഥിരം തൊഴിലാളികളുടെ നിയമനം നടത്തുന്നതിനായി സത്വര നടപടികൾ സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ